പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2917 22.02. 2016- ലെ മറുപടി

## പ്രവാസികളുടെ 'ഡേറ്റാ ബാങ്ക്'

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.കെ.ടി.ജലീൽ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ) സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് മിഴിവേകുന്നതിനായി ശാസ്ത്ര, സാങ്കേതിക അക്കാഡമിക് രംഗത്ത് മികവും അതാത് മേഖലകളിൽ പ്രാവീണ്യം പുലർത്തുന്നതുമായ പ്രവാസികളുടെ 'ഡേറ്റാ ബാങ്ക്' തയ്യാറാക്കുന്നതാണ് എന്ന 2014 - 15 - ലെ ബജറ്റ് പ്രഖ്യാപനം നടപ്പിലായോ ;<br><br>ബി)'ഡേറ്റാ ബാങ്കിൽ' എത്ര പ്രവാസികളുടെ പേര് ഉൾക്കൊള്ളിച്ചിട്ടുണ്ട് എന്നറിയിക്കാമോ ;<br><br>സി) പ്രസ്തുത 'ഡേറ്റാ ബാങ്ക് ' കൊണ്ട് എന്തെല്ലാം പ്രായോഗിക പദ്ധതികൾ നടപ്പാക്കാൻ കഴിഞ്ഞുവെന്ന് അറിയിക്കാമോ ? | എ, ബി & സി) ശാസ്ത്ര സാങ്കേതിക, അക്കാഡമിക്, വ്യാവസായിക രംഗത്ത് മികവും പ്രാവീണ്യവുമുള്ള വിവിധ രാജ്യങ്ങളിലെ പ്രമുഖരായ മലയാളികളുടെ അറിവും പ്രാഗല്ഭ്യവും പരിചയവും സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനായി ഉപയോഗപ്പെടുക എന്ന ലക്ഷ്യം മുന്നിൽകണ്ട് 2014 - 15 - ലെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതിയാണ് 'creating Database of Eminent NRKs.' 14/10/2014 - ലെ സ.ഉ.(സാധാ) നം. 488/2014/നോർക്ക പ്രകാരം പ്രസ്തുത പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിരുന്നു. പദ്ധതി നടത്തിപ്പിന് ആവശ്യമായ വിവരശേഖരണം നടത്തുന്നതിനായുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. പ്രസ്തുത വിവരശേഖരണം പൂർത്തിയായ ശേഷം മാത്രമേ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്ന നടപടികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. ഇതിന്റെ അവലോകനശേഷമാകും പ്രായോഗിക പദ്ധതികൾ ആവിഷ്കരിക്കുവാൻ കഴിയുന്നത്. |

സെക്ഷൻ ഓഫീസർ